അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹളം വച്ച് മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

അറിയിപ്പുവന്ന പ്രശ്നങ്ങൾ

IV. അനുമതി നിഷേധിച്ചവ :

I. തിരുവനന്തപുരം, കമലേശ്വരം സോണി നിവാസിൽ സോണിലാലിന്റെ മരണം സംബന്ധിച്ച 1-07-2008-ലെ 1448, 25-11-2008-ലെ 792 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് നൽകിയ മറുപടി പരസ്പര വിരുദ്ധമാണെന്നാരോപിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം. എ. വാഹീദ് നൽകിയ അവകാശലംഘന നോട്ടീസിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. നിയമസഭാ ചോദ്യത്തിന് ഉത്തരം തയ്യാറാക്കിയത് പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും മൃതശരീരം കണ്ടെത്തിയ സ്ഥലത്തിന് 1448-ാം നമ്പർ ചോദ്യത്തിനും 792-ാം നമ്പർ ചോദ്യത്തിനും നൽകിയ മറുപടി വ്യത്യാസമല്ലെന്നും വിശദീകരണത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അതുമായി ബന്ധപ്പെട്ട ചോദ്യത്തിന് മറുപടി നൽകിയതെന്നും യഥാസ്ഥാനത്ത് ഒരു കോമ ഇടാൻ വിട്ടുപോയതുകൊണ്ടാണ് സോണിലാൽ കൂട്ടുകാരോടൊപ്പം മദ്യപിക്കാൻ പോയതായി വ്യാഖ്യാനിക്കാൻ ഇടയായതെന്നും, അല്ലാതെ ഏതെങ്കിലും തരത്തിൽ നിയമസഭയെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശമില്ലായിരുന്നുവെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

2. 2010 മാർച്ച് 31-ന് നിയമസഭയിൽ ചോദ്യോത്തരവേളയിൽ നക്ഷത്രചിഹ്നമിട്ട 626-ാം നമ്പർ ചോദ്യത്തിന് ഉത്തരം പറയവെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിലെ വേതനം 100 രൂപയായി കുറയ്ക്കുവാൻ കേന്ദ്രം നിർദ്ദേശം നൽകിയെന്ന് ഒരു ഉപചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞത് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ അടിയന്തരപ്രമേയ നോട്ടീസിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടുകയുണ്ടായി. 2009 ഡിസംബർ 3-ന് ദേശീയ തൊഴിലുറപ്പ് ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം കുറഞ്ഞ കൂലി 100 രൂപയായി നിശ്ചയിച്ചു കൊണ്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം സംസ്ഥാന ഗവൺമെന്റിനെ അറിയിക്കുകയുണ്ടായെന്നും അതിൽ കൂടുതൽ വരുന്ന തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്നും തീരുമാനിച്ചിട്ടുണ്ടെന്നും എന്നാൽ 100 രൂപയിൽ കൂടുതൽ കൂലി നിലവിൽ 1-1-2009 മുതൽ വിജ്ഞാപനം ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിൽ അത് നിലനിർത്തുന്നതിനും അനുമതി നൽകിയിട്ടുണ്ടെന്നും സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ ഇടപെടലിന്റെ കൂടി ഫലമായിട്ടാണ് ദേശീയ തലത്തിൽ തൊഴിലുറപ്പു പദ്ധതിക്ക് നിശ്ചയിച്ച മിനിമം കൂലി കേരളത്തിൽ ബാധകമാക്കാതിരുന്നതെന്നും ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി 100 രൂപയായി പുനർ നിർണ്ണയം ചെയ്തു എന്നത് യാഥാർത്ഥ്യമാണെന്നും ഈ വസ്തുതകളാണ് ഉപരോധ്യത്തിനുള്ള മറുപടിയായി പറഞ്ഞതെന്നുമുള്ള മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

3. കോട്ടയം മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിടനിർമ്മാണത്തിന് നൽകിയ പെർമിറ്റ് സംബന്ധിച്ച് 24-3-2010-ലെ 4058, 4059 നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് കാണിച്ചുകൊണ്ട് ശ്രീ. പി. സി. ജോർജ് നൽകിയ അടിയന്തരപ്രമേയ നോട്ടീസിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 85-ാം ചട്ടപ്രകാരമുള്ള കമ്മിറ്റിയുടെ 19-11-2008-ൽ കൂടിയ യോഗത്തിൽ ഏഴ് നിബന്ധനകൾ നിഷ്കർഷിച്ചിരുന്നതായും അതിലെ ആറാമത്തെ നിബന്ധന വസ്തുവിന്റെ വിസ്തീർണ്ണം പരിശോധിക്കണമെന്നുള്ളതാണെന്നും എന്നാൽ വസ്തു പൂർണ്ണമായും അളന്ന് തിരിച്ച് വിസ്തീർണ്ണം പരിശോധിച്ചിട്ടില്ലെന്നും 4059-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വ്യക്തമായി അറിയിച്ചിരുന്നതാണെന്നും നഗരസഭയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന്റെ കിഴക്കുഭാഗത്ത് 5 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാണെന്നും വസ്തു കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടില്ല എന്നുമുള്ള വിവരം 4059-ാം നമ്പർ ചോദ്യത്തിന്റെ "ബി" പിരിവിന് മറുപടിയായി അറിയിച്ചതെന്നും സ്പെഷ്യൽ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അധിക നിർമ്മാണം അനുവദിച്ചതെങ്കിലും അധിക എഫ്.എ.ആർ. നുള്ള ഫീസ് ഈടാക്കുന്നതിന് വേണ്ടിയാണ് വീണ്ടും സ്പെഷ്യൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചതെന്നും തീരുമാനമുണ്ടാകുന്ന മുറയ്ക്ക് അധിക ഫീസ് വസൂലാക്കുന്നതാണെന്നും അനധികൃത കെട്ടിടനിർമ്മാണവും അഴിമതിയും പ്രോൽസാഹിപ്പിക്കുന്ന രീതിയിൽ വസ്തുതാവിരുദ്ധമായ ഒരു മറുപടിയും മേൽപ്പറഞ്ഞ നിയമസഭാ ചോദ്യങ്ങൾക്ക് നൽകിയിട്ടില്ലെന്നും ഏതെങ്കിലും തരത്തിൽ നിയമസഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശമുണ്ടായിരുന്നില്ലായെന്നുമുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly